**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2218** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ-പൊതുവിതരണ മേഖലയിലെ പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭക്ഷ്യ-പൊതുവിതരണ മേഖലയിൽ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുവിതരണ സംവിധാനം ശക്തിപെടുത്തുന്നതിന്റെ ഭാഗമായി ഭക്ഷ്യ ഭദ്രതാ നിയമം 2013, 01.11.2016 മുതൽ സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. എൻഡ് -ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഭക്ഷ്യ ധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം എന്നിവ മുഖമുദ്രയായുള്ള ടി നിയമം നടപ്പിൽ വന്നതോട് കൂടി പൊതു വിതരണ രംഗം കൂടുതൽ കാര്യക്ഷമവും സുതാര്യവുമായി തീർന്നിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ വകുപ്പിന്റെ വെബ് പോർട്ടലിൽ പൊതു ജനങ്ങൾക്ക് നിരീക്ഷിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>പൊതുവിതരണം അർഹരുടെ മാത്രം കയ്യിലെത്തുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി ആധാർ സീഡിംഗ് നിലവിൽ 97.99% ആയത് 100% ആക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഗുണഭോക്താക്കളുടെ ബയോമെട്രിക് പരിശോധിച്ച് ആതന്റിക്കേറ്റ് ചെയ്താണ് റേഷൻ വിതരണം നടത്തുന്നത്. ബയോമെട്രിക്അതന്റിക്കേഷൻ പരാജയപ്പെടുകയാണെങ്കിൽ OTP(One Time Password) വഴി ആതന്റിക്കേറ്റ് ചെയ്യും. OTP യും പരാജയപ്പെടുകയാണെങ്കിൽ ആതന്റിക്കേറ്റ് ചെയ്യാതെ തന്നെ റേഷൻവിതരണം നടത്തുന്നതാണ്.<br><br>അനർഹർ കൈവശം വച്ചിരുന്ന മുൻഗണന കാർഡുകൾ പിഴയോ ശിക്ഷയോ കൂടാതെ തിരികെ ഏൽപ്പിക്കുന്ന പദ്ധതി നടപ്പിലാക്കി. ഇതിലൂടെ 1.75ലക്ഷത്തോളം മുൻഗണന കാർഡുകൾ സറണ്ടർ ചെയ്യിപ്പിക്കാൻ കഴിഞ്ഞു. ഇത്തരം കാർഡുകൾ ഉൾപ്പെടെ 2.50ലക്ഷത്തോളം മുൻഗണന കാർഡുകൾ |

| | | | |
|---|---|---|---|
| | | | അർഹരുടെ കരങ്ങളിലേക്ക് എത്തിക്കുവാൻ കഴിഞ്ഞു.<br><br>എല്ലാവർക്കും റേഷൻ കാർഡ് എന്ന പദ്ധതി നടപ്പിലാക്കി കാർഡ് കിട്ടുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ മാറ്റി 2,29,680 പുതയ റേഷൻ കാർഡുകൾ നൽകുകയുണ്ടായി. ജനങ്ങൾക്ക് എറ്റവും പ്രിയപ്പെട്ട അരി നൽകി കൂടുതൽ ജനങ്ങളെ റേഷൻ കടകളിലേയ്ക്ക് ആകർഷിക്കുന്നതിനായി പച്ചരി, പുഴുക്കലരി അനുപാതം 50 : 50 ശതമാനം ആക്കുന്നതിനെടുത്ത തീരുമാനവും, പ്രസ്തുത പുഴുക്കലരി കേരളത്തിൽ നിന്നും ലഭിക്കുന്നത് കഴിച്ചുള്ള വിഹിതം ജയ, സുരേഖ, ബൊണ്ടാലു (Common) ഇനങ്ങൾ തന്നെ നൽകണമെന്ന നിർദേശം എഫ്.സി.ഐ ഭാഗികമായെങ്കിലും പ്രാവർത്തികമാക്കിയത് വിതരണത്തിലും, വിട്ടെടുപ്പിലും വലിയ മാറ്റം ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ റേഷൻ സാധനങ്ങളുടെ തിരിമറി ഒഴിവാക്കുന്നതിനും ഈ നടപടി സഹായിച്ചിട്ടുണ്ട്.<br><br>കൂടാതെ രാജ്യത്തെ സംസ്ഥാനങ്ങളിൽ നിന്നും റേഷൻ വാങ്ങുന്നതിന് വേണ്ടിയുള്ള കേന്ദ്ര സർക്കാരിന്റെ IMPDS Scheme മികച്ച രീതിയിൽ സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്.<br><br>പൊതുവിതരണ രംഗം കൂടുതൽ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ താലൂക്കുകളിലും വകുപ്പിന്റെ ഉടമസ്ഥതയിൽ ശാസ്ത്രീയ മാതൃകയിലുള്ള എൻ.എഫ്.എസ്.എ ഗോഡൗണുകൾ നിർമ്മിക്കുവാനും, തിരഞ്ഞെടുത്ത റേഷൻ കടകളിൽ കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിക്കുവാനും, ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്ഥല സൗകര്യം കുറഞ്ഞ റേഷൻകടകളുടെ സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് ലക്ഷ്യമിടുന്നു. കൂടാതെ എ.ടി.എം കാർഡ് വലിപ്പത്തിലുള്ള പി.വി.സി./പ്ലാസ്റ്റിക് റേഷൻ കാർഡ്, കാർഡ് കൺവർഷൻ ഓൺലൈൻ അപേക്ഷാ സംവിധാനം, എഫ്.പി.എസ്, മൊബൈൽ ആപ്, വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ? | (ബി) | പൊതു വിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തി വയ്പ്പ്, തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധന സംവിധാനം വകുപ്പ് തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. പൊതു വിതരണ |

| | | | |
|---|---|---|---|
| | | | മേഖലയെ അഴിമതിമുക്തമാക്കുന്നതിന് റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ആഫീസർമാർ വരെയുള്ളവർ നടത്തുന്ന പതിവ് പരിശോധനകൾക്ക് പുറമേ വിജിലൻസ് ആഫീസർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ഭക്ഷ്യ കമ്മീഷൻ എന്നിവരും റേഷൻ കടകളിൽ മിന്നൽ പരിശോധന നടത്തുകയും ക്രമക്കേട് കണ്ടെത്തുന്ന പക്ഷം KTPDS(Control)Order, 2021 പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.<br><br>ഉത്സവ സീസണുകളിൽ പൊതു വിപണിയിലുണ്ടാകുന്ന വിലവർദ്ധനവും പൂഴ്ത്തിവയ്പും തടയുന്നതിനായി ജില്ലാ തലത്തിൽ പൊതു വിതരണ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ് സംയുക്തമായി ചേർന്ന് പരിശോധനകൾ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ